# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 97 26.02.2018-ൽ മറുപടിയ്ക്ക്

### കെ.വി.ജോഷിയുടെ മോചനത്തിനായി നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

യു.എ.ഇ.യിലെ ഉമ്മൽഖുവൈൻ ജയിലിൽ 2013 മുതൽ തടവ് ശിക്ഷ അനുഭവിക്കുന്ന ശ്രീ.കെ.വി. ജോഷിയുടെ മോചനത്തി നായി ടിയാന്റെ ഭാര്യ ശ്രീമതി മേഴ്സി ജോഷി സമർപ്പിച്ച നിവേദനത്തിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ 170901057/2017 നമ്പരായി നോർക്ക സി.ഇ.ഒ.യ്ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

പരമാർശ വിഷയം സംബന്ധിച്ച് 2014-ൽ തന്നെ ശ്രീമതി.മേഴ്സി ജോഷി സർക്കാരിനെ സമീപിച്ചിട്ടുള്ളതും, ആയതിന്റെ വെളിച്ചത്തിൽ 17.09.2014-ൽ സർക്കാർ യു.എ.ഇ.യിലെ ദുബായ് കോൺസുലേറ്റിന് ആവശ്യമായ നടപടികൾക്കായി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2017 ഫെബ്രുവരി 24-ാം തീയതി ടി കോൺസുലേറ്റിൽ നിന്നും ലഭിച്ച കത്തുപ്രകാരം ശ്രീ.കെ.വി.ജോഷിയെ 29.12.2015 വരെ 2 വർഷത്തേയ്ക്ക് കോടതി ശിക്ഷിച്ചുവെന്നും, പുറത്തിറങ്ങുന്നതിന് കുറച്ച് ദിവസങ്ങൾക്കു മുമ്പ് ടിയാളുടെ ബിസിനസ്സ് പാർട്ട്ണർ നൽകിയ ചെക്ക് കേസിൽ കോടതി വീണ്ടും 2 വർഷത്തേയ്ക്ക് കൂടി ശിക്ഷിച്ചുവെന്നും അറിയിച്ചിരുന്നു. കൂടാതെ ഉമ്മൽ ഖൈവാൻ കോടതി ശിക്ഷിച്ചതനുസരിച്ചുള്ള തുക കൂടി അടച്ചതിനു ശേഷമേ ശ്രീ.ജോഷിയ്ക്ക് നാട്ടിലേയ്ക്ക് വരാൻ കഴിയുകയുള്ളുവെന്നും, കോടതി നടപടികളിൽ കോൺസുലേറ്റിന് ഇടപെടുന്നതിന് പരിമിതികളുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നിരുന്നാലും, കോൺസുലേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജയിലിൽ ശ്രീ.ജോഷിയെ നിരന്തരം സന്ദർശിക്കാറുണ്ടെന്നും, ടിയാന്റെ ആരോഗ്യനില തൃപ്തികരമാണെന്നും കോൺസുലേറ്റിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്.

ശ്രീമതി.മേഴ്സി ജോഷിയുടേതായി ചോദ്യത്തിൽ പരാമർശിച്ചിട്ടുള്ളതടക്കം വിവിധ തലങ്ങളിൽ നിന്നും സർക്കാരിൽ ലഭിച്ച നിവേദനങ്ങളുടെ

വെളിച്ചത്തിൽ സർക്കാർ ശ്രീമതി.മേഴ്സിയോട് യു.എ.ഇ. ഭരണാധികാരിയ്ക്ക് ഒരു ദയാ ഹർജി നൽകാൻ ആവശ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ലഭ്യമാക്കിയ നിവേദനം സർക്കാർ ദുബായ് കോൺസുലേറ്റിന് അയച്ചുകൊടുക്കുകയും, പ്രസ്തുത ദയാ ഹർജി യു.എ.ഇ.യിലെ ഭരണാധികാരിയ്ക്ക് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദേശകാര്യ വകുപ്പിന് 06.11.2017-ൽ കൈമാറിയിട്ടുണ്ടെന്നും ദുബായ് കോൺസുലേറ്റിൽ നിന്നും സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. ഈ വിവരം ശ്രീമതി.മേഴ്സി ജോഷിയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ